പുറപ്പെടുവിച്ചതായി 'ദേശാഭിമാനി' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ ഇങ്ങനെ ചില വ്യക്തികൾക്കു മാത്രം മടക്കി കൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിക്കുവാൻ എന്താണ് പ്രത്യേക കാരണങ്ങൾ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) കണക്കുകൾ ആഡിറ്റ് ചെയ്തതിനു ശേഷം കൊടുക്കേണ്ടതാണെന്നുപറഞ്ഞ ഒരു കേസ്, എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതു പരിശോധിച്ചു തുക കൊടുക്കേണ്ടതാണെന്നു കാണുകയും മടക്കിക്കൊടുക്കുവാൻ ഉത്തരവു കൊടുക്കുകയും ചെയ്തു.

(ബി) ഇതിൽ മാത്രമല്ല, മറ്റു പന്ത്രണ്ടുപേരുടെ കാര്യത്തിലും തുക മടക്കിക്കൊടുത്തിട്ടുണ്ട്.

UNSTARRED QUESTIONS AND ANSWERS

ടൈറാനിയം കോംപ്ലക്സ്

*17 [108] ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായ-തൊഴിൽ മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ടൈറാനിയം കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള സ്ഥലം നിർണ്ണയിച്ചു കഴിഞ്ഞോ;

(ബി) ഈ സ്ഥാപനം എന്നത്തേക്ക് കമ്മിഷൻ ചെയ്യുവാൻ സാധിക്കും;

(സി) എത്ര പേർക്ക് ഇതുമൂലം തൊഴിൽ ലഭിക്കും?

ഉത്തരം

(എ) ഇല്ല. എങ്കിലും തൃക്കാക്കരയിൽ 945 ഏക്കർ സ്ഥലം പ്രോജക്ട് ഏരിയയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ വർഷം ജൂൺ മാസത്തിൽ കെട്ടിടം പണി ആരംഭിക്കും.

(സി) കൃത്യമായി പറയാൻ നിർവാഹമില്ല.

† *Starred Questions and answers posted for answer on 15-1-1970.*

കേന്ദ്രം അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം

18 (67) ശ്രീ. ഈ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിനു കേന്ദ്രം അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം എത്രയാണ്;

(ബി) കേരളത്തിന്റെ പദ്ധതി വിഹിതത്തെപ്പറ്റി കേന്ദ്രഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും തമ്മിൽ വല്ല ചർച്ചകളും നടന്നിരുന്നുവോ;

(സി) എങ്കിൽ ആ ചർച്ചകളുടെ വിശദവിവരം സഭയ്ക്ക് നൽകാമോ?

†As the question hour on 15-1-1970 was suspended the question and answers posted for the day are entered here as unstarred question and answers.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന്റെ നാലാം പദ്ധതിക്ക് 175 കോടി രൂപയും 1970–71 ലെ വാർഷിക പദ്ധതിക്ക് 31.75 കോടി രൂപയുമാണ് കേന്ദ്ര വിഹിതമായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഈ പ്രശ്നത്തെപ്പറ്റി സംസ്ഥാന മുഖ്യമന്ത്രി പ്ലാനിംഗ് കമ്മിഷൻ ഡെപ്യൂട്ടി ചെയർമാനുമായി ചർച്ചനടത്തിയിട്ടുണ്ട്.

(സി) കേരളത്തിന്റെ നാലാം പദ്ധതിയുടെ വലിപ്പം 258 കോടി രൂപയായി നിശ്ചയിച്ചു. ഇതിനു കേന്ദ്ര വിഹിതമായി 175 കോടി രൂപയും 33.35 കോടി രൂപ വായ്പയും ഗവൺമെൻറ് സ്ഥാപനങ്ങളുടെ കടമെടുപ്പുമായും 50 കോടി രൂപാ സ്റ്റേറ്റ് ഗവൺമെൻറ് കൂടുതലായുണ്ടാകുന്ന സാമ്പത്തിക വിഭവങ്ങൾ മുഖേനയും ഉണ്ടാകുന്നതാണ്.

ഫൈനാൻസ് കമ്മിഷൻ അവാർഡ് കൊണ്ടുണ്ടായ റവന്യൂകമ്മി നികത്തുന്നതു സംബന്ധിച്ചും സ്വീകാര്യമായ തീരുമാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

കൃഷി വകുപ്പിലെ അഴിമതികൾ

19 (68) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, പി. പി. കൃഷ്ണൻ
,, പാലൊളി മുഹമ്മദ്കുട്ടി
,, എ. പി. കുര്യൻ
,, സി. കെ. ബാലകൃഷ്ണൻ
,, ടി. എൻ. മീതിയൻ:

താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിൽ നടക്കുന്ന ഗുരുതരമായ അഴിമതികളെപ്പറ്റിയുള്ള ആരോപണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിനു തൃപ്പൂണിത്തുറയിൽ ഒരു ബംഗ്ലാവ് വാങ്ങുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയുന്നതു ശരിയാണോ;

(സി) ആണെങ്കിൽ പ്രസ്തുത കെട്ടിടത്തിനു ഗവൺമെൻറ് നൽകിയ വിലയെന്ത്;

(ഡി) ഇതെക്കുറിച്ച് സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള സ്പെഷ്യൽ ആഫീസർ എന്തെങ്കിലും നിർദ്ദേശം വച്ചിരുന്നുവോ;

(ഈ) പ്രസ്തുത ബംഗ്ലാവിന് 5 ലക്ഷം രൂപ ഉദ്യോഗസ്ഥർ വില വയ്ക്കുകയും എന്നാൽ ബന്ധപ്പെട്ട മന്ത്രി ഇടപെട്ട് 12 ലക്ഷം രൂപാ വിലകൊടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തതായി അറിയുന്നതു ശരിയാണോ;

(എഫ്) ആണെങ്കിൽ ഇതിനു കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly